പെന്തിക്കോസ്തിക്കു മുമ്പ്

# കാത്തിരിപ്പിൻ ദിവസങ്ങൾക്കുള്ള ക്രമം

പ. സുന്നഹദോസ് അംഗീകരിച്ചത്


കാതോലിക്കേററ് അരമന

ദേവലോകം, കോട്ടയം

1988

# പെന്തിക്കോസ്തിക്കു മുമ്പ്
# കാത്തിരിപ്പിൻ ദിവസങ്ങൾക്കുള്ള ക്രമം

പ. സുന്നഹദോസ് അംഗീകരിച്ചത്

കാതോലിക്കേററ് അരമന
ദേവലോകം, കോട്ടയം

1988

പെന്തിക്കോസ്തിക്കു മുമ്പ്

കാത്തിരിപ്പിൻ ദിവസങ്ങൾക്കുള്ള ക്രമം

(പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിച്ചത്)

| | |
|---|---|
| പ്രസിദ്ധീകരണം: | സുന്നഹദോസ് ഓഫീസ്<br>കാതോലിക്കേറ്റ് അരമന<br>ദേവലോകം, കോട്ടയം. |
| ഒന്നാം പതിപ്പ്: | 1988 മെയ് |
| കോപ്പി: | 1000 |
| അച്ചടി: | കാതോലിക്കേറ്റ് പ്രസ്, ദേവലോകം |

# പ. ബാവാ തിരുമനസ്സിലെ കല്പന

കർത്താവിൽ പ്രിയരെ,

നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് 'നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദാനത്തിനായി കാത്തിരിക്കണം' എന്ന് തന്റെ ശിഷ്യന്മാരോടു കൽപ്പിക്കുകയും അതനുസരിച്ച് അവർ പെന്തിക്കോസ്തിനാൾവരെയും യെരുശലേമിൽ നിർദ്ദിഷ്ടം സ്ഥലത്തു കാത്തിരുന്നു പ്രാർത്ഥിക്കുകയും, പെന്തിക്കോസ്തി ദിവസം പരിശുദ്ധാത്മദാനം പ്രാപിക്കുകയും ചെയ്തതായി വി. വേദപുസ്തകത്തിൽ വായിക്കുന്നുണ്ടല്ലോ. നമ്മുടെ സഭയിലും ആദിമ നൂററാണ്ടു മുതൽ സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തിവരെയും ഉള്ള പത്തു ദിവസങ്ങൾ കാത്തിരിപ്പിന്റെ ദിവസങ്ങളായി കണക്കാക്കപ്പെടുന്നു. ആ ദിവസങ്ങളിൽ പരിശുദ്ധ മാമോദീസായും മൂറോനഭിഷേകവും വഴിയായി നമുക്കു ലഭിച്ചിരിക്കുന്നതും നമ്മിൽ സദാ കുടികൊണ്ടിരിക്കുന്നതുമായ പരിശുദ്ധ റൂഹായെ ഉദ്ദീപിപ്പിക്കുവാൻ തക്കവണ്ണം പ്രാർത്ഥനയും ധ്യാനവും ഒരുക്കവും ആവശ്യമാണ്. എന്നാൽ ആയതിന് ആവശ്യമായ പ്രത്യേക ക്രമങ്ങളൊന്നുംതന്നെ നാളിതുവരെ ഉണ്ടായിരുന്നില്ല. ആയതിനാൽ നമ്മുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പരിചിന്തനത്തിൽ അപ്രകാരമുള്ള ഒരു പ്രാർത്ഥനാക്രമം ഉണ്ടാകണമെന്നു തീരുമാനിക്കുകയും അപ്രകാരം ഒരു ചെറിയ ക്രമം തയ്യാറാക്കുകയും, അത് പ. സുന്നഹദോസ് പരിശോധിച്ചതിനുശേഷം പൊതു ഉപയോഗത്തിനായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. സന്ധ്യാനമസ്ക്കാരത്തിന്റെ അവസാനം വിശ്വാസ പ്രമാണത്തിന് മുമ്പായി ഈ ക്രമത്തിൽ കാണുന്ന പ്രകാരം പ്രാർത്ഥനകളും വേദവായനകളും ലുത്തിനിയാ

കളും നടത്തി കാത്തിരിപ്പിന്റെ പത്തു ദിവസങ്ങൾ ധന്യമാക്കുവാനും നമ്മിലുള്ള പരിശുദ്ധാത്മാവിനെ ജ്വലിപ്പിച്ച് കൂടുതൽ ശക്തമാക്കിത്തീർക്കുവാനും അങ്ങിനെ നമ്മുടെ ക്രിസ്തീയജീവിതം കൂടുതൽ ആത്മീയഫലങ്ങൾ പുറപ്പെടുവിക്കുന്നതായിത്തീരുവാനും ഇടയാകട്ടെ. നമ്മുടെ എല്ലാ പള്ളികളിലും ഈ ക്രമം അനുസരിച്ചുള്ള പ്രാർത്ഥനകൾ നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. പള്ളികളിൽപോയി പ്രസ്തുത കാത്തിരിപ്പ് ശുശ്രൂഷയിൽ സംബന്ധിക്കാൻ സൌകര്യപ്പെടാത്തപക്ഷം ഈ ക്രമത്തിലെ പ്രാർത്ഥനകൾ വീടുകളിൽവച്ചു നടത്താവുന്നതും അപ്രകാരം ചെയ്തുകൊള്ളേണ്ടതുമാകുന്നു.

| | |
|---|---|
| കാതോലിക്കേററ് അരമന | ബസേലിയോസ് |
| ദേവലോകം | മാർത്തോമ്മാ മത്യൂസ് പ്രഥമൻ |
| 10—5—1988 | (പൗരസ്ത്യ കാതോലിക്കാ) |

# പെന്തിക്കോസ്തിക്കു മുമ്പ് കാത്തിരിപ്പിൻ ദിവസങ്ങൾക്കുള്ള ക്രമം

(സന്ധ്യാനമസ്കാരത്തെ തുടർന്നു നടത്തുകയാണെങ്കിൽ എന്നുമെന്നേക്കും തന്റെ ഇടത്തിൽ നിന്നും........എന്നുള്ള കൗമാ ചൊല്ലിയതിനുശേഷം കാത്തിരിപ്പിന്റെ ശുശ്രൂഷ ആരംഭിക്കുന്നു. അവസാനത്തിൽ ഹൂത്തോമൊയ്ക്ക് ശേഷം കുക്കിലിയോൻ ചൊല്ലി ധൂപം വയ്ക്കുന്നു.)

## പ്രാരംഭ പ്രാർത്ഥന

ശൂബഹൊ........വാലൈൻ മ്ഹീലെ........

മാളികയിൽ വച്ച് അഗ്നിനാവുകളുടെ രൂപത്തിൽ വിശുദ്ധ ശ്ലീഹന്മാരുടെമേൽ ഇറങ്ങിവന്ന് ദിവ്യ ജ്ഞാനത്താൽ അവരുടെ മനസ്സുകളെ പ്രകാശിപ്പിച്ച ആശ്വാസപ്രദനായ വിശുദ്ധ റൂഹാ! നിന്റെ നൽവരങ്ങളാകുന്ന കിരണങ്ങളാൽ ഞങ്ങളെ പ്രകാശിപ്പിക്കണമെ. ഞങ്ങൾ എല്ലാ സമയത്തും നിന്നെയും, നീ ആരിൽ നിന്ന് പുറപ്പെടുന്നുവോ ആ പിതാവിനെയും, നീ ആരിൽ നിന്ന് എടുക്കുന്നുവോ ആ പുത്രനെയും ഖുതുമയോടെ സ്തുതിക്കുമാറാകണമെ. ഹോശൊ........

## കുക്കിലിയോൻ

നിറം 7

എന്നാത്മാവിനെ നിങ്കലുയർത്തുന്നേൻ നാഥാ—ഹാ—ഹാ
നീയെൻ ശരണം, ലജ്ജിക്കരുതെ ഞാൻ
നിർമ്മലമായൊരു മനസ്സെന്നിൽ നീ സൃഷ്ടിക്കണമെ
ഹാ—ഹാ
സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുതാക്ക

നിന്നാത്മാവിനെ എന്നിൽ നിന്നുമെടുക്കരുതേ ഹാ—ഹാ
നിൻ രക്ഷയിനാനന്ദം തിരികെ തരികെന്നിൽ
താങ്ങുക എന്നെ നിന്നാത്മാവാൽ ഹാ—ഹാ—
നിൻ വഴികളെ ഞാനുപദേശിക്കും മർത്ത്യരൊട്ടയ്
ബാറെക്മോർ. ശുബഹ് ഹാ........മെനഓലം

## എക്ബാ (ഭക്തർ പുകഴ്ച)

പാവന റൂഹാ വന്നെത്തി
വാസം ചെയ്യണമടിയാരിൽ
തൻ വാസത്താൽ ഞങ്ങളെ നിൻ
ആലയമാക്കി തീർക്കേണം.

സ്തൗമെൻ കാലൊസ്........കുറിയേ....

## പ്രുമിയോൻ

പട്ടക്കാരൻ: നാമെല്ലാവരും നമസ്കരിച്ച് കർത്താവിനോട് കരുണയും മനോഗുണവും യാചിക്കണം.

ജനം: കാരുണ്യവാനായ കർത്താവെ........

പട്ടക്കാരൻ: സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും.........................

സെഹിയോൻ മാളികയിൽ തങ്ങളുടെ നാഥന്റെ കല്പന പ്രകാരം ആശ്വാസ പ്രദനായ പരിശുദ്ധാത്മാവിന്റെ നൽവരത്തിനായി പ്രാർത്ഥനയോടും ഉപവാസത്തോടും കാത്തിരുന്ന ശിഷ്യസമൂഹത്തിന്റെ മേൽ പിളർന്ന അഗ്നി നാവുകളുടെ സാദൃശ്യത്തിൽ ഇറങ്ങി വസിക്കുകയും അവരെക്കൊണ്ട് വിവിധ ഭാഷകളിൽ സംസാരിപ്പിക്കുകയും, ഭീരുത്വം കൈവെടിഞ്ഞ് ധൈര്യസമേതം തങ്ങളുടെ നാഥന്റെ സുവിശേഷം ലോകത്തിലെ നാനാ ദേശങ്ങളിലും പ്രഘോഷിക്കുവാനും അവന്റെ സാക്ഷികളായിത്തീരുവാനും ശിഷ്യ സമൂഹത്തെ പ്രാപ്തരാക്കുകയും വിവിധ നൽവരങ്ങളാലും, ശക്തികളാലും അവരെ നിറയ്ക്കുകയും അടയാളങ്ങളാൽ അവരെ ഉറപ്പിക്കുകയും ചെയ്തവനും, അന്നെന്നപോലെ തന്നെ ഇന്നും വിശുദ്ധ സഭയിൽ വസിച്ചുകൊണ്ട് വി. മാമോദീസായാലും മൂറോനഭി



ഷേകത്താലും ഞങ്ങളിൽ വസിച്ച് ഞങ്ങളെ ദൈവ മക്കളും, ക്രിസ്തുവിനു സഹോദരങ്ങളും, കൂട്ടവകാശികളും ആക്കിത്തീർക്കുകയും, വി. കൂദാശകളിൽ പ്രവർത്തിച്ച് ദിവ്യദാനങ്ങളാലും, വിവിധ കൃപാവരങ്ങളാലും ഞങ്ങളെ നിറയ്ക്കുകയും, അതിൽ നിലനിർത്തുകയും, പ്രകാശിപ്പിക്കുകയും ചെയ്യുന്നവനും, സഭയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും സഭയെ പ്രബലപ്പെടുത്തുകയും സത്യവിശ്വാസികളായ ഉപദേഷ്ടാക്കന്മാരുടേയും, മല്പാന്മാരുടേയും പഠിപ്പിക്കലുകൾ ങ്ങളാൽ യഥാകാലം അതിനെ നനയ്ക്കുകയും, വളർത്തുകയും, അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നവനുമായ പരിശുദ്ധാത്മാവാം ദൈവമേ! നിനക്കു സ്തുതി. നിനക്ക് പെന്തിക്കോസ്തിയുടെ കാത്തിരിപ്പിന്റെ ഈ ദിവസങ്ങളിലും, എല്ലാ തിരുന്നാളുകളിലും, നേരങ്ങളിലും, നാഴികകളിലും, കാലങ്ങളിലും ഞങ്ങൾ ജീവനോടിരിക്കുന്ന എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും, ആരാധനയും യോഗ്യമാകുന്നു.

ബ്കുലഹൂൻ............ആമ്മീൻ.

## സെദറാ

ആശ്വാസ പ്രദനായ പരിശുദ്ധാത്മാവേ! നീ ഞങ്ങളിൽ എഴുന്നെള്ളി വരണമേ. ഈ കാത്തിരിപ്പിന്റെ നാളുകളിലും, ഞങ്ങളുടെ ആയുഷ്കാലം മുഴുവനിലും, ഞങ്ങളിൽ കുടിയിരിക്കണമെ. നിന്റെ ദിവ്യരശ്മികളാൽ ഞങ്ങളെ പ്രകാശിപ്പിക്കണമെ. നിന്റെ ഊഷ്മാവാൽ ഞങ്ങളെ ജ്വലിപ്പിക്കണമെ. ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്ന ആശ്വാസ പ്രദനെ നീ ഞങ്ങളെ ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യണമെ. ജീവ ജലനദികളായി നീ ഞങ്ങളിൽ നിന്നും കവിഞ്ഞൊഴുകി അനേകരെ ആശ്വസിപ്പിക്കത്തക്കവണ്ണം ഞങ്ങളെ നിന്റെ വാസസ്ഥലവും ജീവ ജലാശയവും ആക്കിത്തീർക്കണമെ. ഞങ്ങളുടെ വചനങ്ങളേയും പ്രവൃത്തികളേയും ജീവിത നടപടികളേയും നീ ചൊല്ലാക്കണമെ. ഞങ്ങളുടെ ശുശ്രൂഷകളും പ്രാർത്ഥനകളും നിന്റെ പ്രവർത്തനം ഹേതുവാൽ അനേകർക്കു ജീവനും ശക്തിയും ആശ്വാസവും പകർന്നുകൊടുക്കുവാൻ ഉതകത്തക്കവണ്ണം ആക്കിത്തീർക്കണമെ. മനുഷ്യസ്നേഹം

കൊണ്ട് ഞങ്ങളെ നിറയ്ക്കണമെ. സോദോം ഗോമൂറായ്ക്കു വേണ്ടി പിതാവായ അബ്രഹാം പ്രാർത്ഥിച്ചതുപോലെ പാപത്തിൽ മുഴുകി നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിനുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കുന്നതിനുള്ള സൽപ്രേരണ ഞങ്ങൾക്കു നല്കണമെ. ഞങ്ങളുടെ നാഥനായ മിശിഹാ തമ്പുരാൻ ശമര്യാക്കാരിയേയും, സഖായിയേയും മാനസാന്തരപ്പെടുത്തിയതുപോലെ അജ്ഞതയിലും പാപാന്ധകാരത്തിലും മുഴുകിയിരിക്കുന്ന അനേകരെ മാനസാന്തരത്തിലേക്കും, ദിവ്യപ്രകാശത്തിലേക്കും നയിക്കുവാൻ പരിശുദ്ധാത്മാവേ! നീ വഴികാട്ടിയായിരിക്കണമെ. ഞങ്ങളുടെ കർത്താവ് തന്നെ ക്രൂശിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചതുപോലെ ഞങ്ങളെ ഉപദ്രവിക്കുന്നവരോട് ക്ഷമിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ഞങ്ങൾക്കു സൻമനസ്സ് നൽകണമെ. യഥാർത്ഥവും, ദിവ്യവുമായ സ്നേഹത്താൽ നിറയുന്നതിന്റെ ഫലമായി ദയയും, പരോപകാരതൽപരതയും ഞങ്ങളിൽ വളർന്നുവരുവാൻ സംഗതിയാക്കണമെ. ഞങ്ങളുടെ കർത്താവ് മററുള്ളവർക്കു നന്മചെയ്യുകയും തന്റെ ശിഷ്യന്മാരുടെ കാലുകളെ കഴുകി അവരെ ശുശ്രൂഷിക്കുകയും, സകലർക്കും വേണ്ടി തന്നെത്തന്നെ ബലിയായി അർപ്പിക്കുകയും ചെയ്തതുപോലെ ഞങ്ങളേയും സ്വയത്യാഗത്തിനും, മററുള്ളവർക്കു നന്മചെയ്യുന്നതിനും ശുശ്രൂഷിക്കുന്നതിനും ഉത്സുകരാക്കണമെ! പരിശുദ്ധാത്മാവെ! ഞങ്ങളെ സൗമ്യതയുള്ളവരാക്കേണമെ. മററുള്ളവരുടെ വീഴ്ചകളേയും തെററുകളേയും സഹതാപപൂർവ്വം വീക്ഷിക്കുവാനും അവരെ സത്യ വഴിയിലേക്ക് തിരികെ വരുത്തുവാനും തക്ക ശാന്തതയും ദീർഘക്ഷമയും ഞങ്ങൾക്കു നല്കണമെ. ഞങ്ങളെ സകല സത്യത്തിലും നയിക്കുകയും ചെയ്യണമെ. ദുർബലതകളിലും വഴിതെററിലും ഉൾപ്പെടാതെ ഇന്ദ്രിയജയം ഞങ്ങൾക്കു ദാനം ചെയ്യുകയും അതിൽ വീഴ്ച ഭവിക്കാത്തവരായി ഞങ്ങളെ ആക്കിത്തീർക്കുകയും ചെയ്യണമെ. മററുള്ളവരുടെ നന്മകളിലും അഭിവൃദ്ധിയിലും അസൂയപ്പെടാതിരിക്കുവാനും അതിൽ കൂടുതലായി സന്തോഷിക്കുവാനും ഉള്ള സന്മനോഭാവം ഞങ്ങളിൽ പുലർത്തണമെ. സ്വന്തം കഴിവുകളിലും നേട്ടങ്ങളിലും അഹങ്കരിക്കാതിരിക്കുന്നതിനും, എല്ലാം ദൈവ



ത്തിന്റെ കൃപാ ദാനങ്ങളാണെന്നു കരുതി വിനയത്തോടെ ജീവിക്കുവാനുമുള്ള താഴ്മയുടെ ആത്മാവിനെ ഞങ്ങളിൽ ഉളവാക്കണമെ. ജഢികവികാരങ്ങളേയും, ഭക്ഷണപാനീയങ്ങളിലുള്ള അമിതമായ പ്രതിപത്തിയേയും നിന്റെ ശക്തിയാൽ ഞങ്ങൾ ജയിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവും രക്ഷകനുമായ മശിഹാ തമ്പുരാന്റെ ഉത്തമ സാക്ഷികളായിത്തീരുവാൻ പരിശുദ്ധാത്മാവേ! ഞങ്ങളെ നീ ശക്തിപ്പെടുത്തണമെ. വിശുദ്ധ പൌലോസ് ശ്ലീഹായെപ്പോലെയും, മററു ശ്ലീഹന്മാരെപ്പോലെയും, സഹദേന്മാരെപ്പോലെയും ക്രിസ്തുവിന്റെ സ്നേഹത്തെപ്രതി കഷ്ടതകളേയും, ആപത്തുകളേയും, പീഡനങ്ങളേയും ശിരസ്സാ വഹിക്കുവാനും, സഹിക്കുവാനും അവയിൽകൂടി ഞങ്ങളോരോരുത്തരിലുമുള്ള കർത്തൃസ്നേഹത്തെ പ്രകടമാക്കുവാനും ഞങ്ങളെ സഹായിക്കണമെ. ഞങ്ങളോരോരുത്തർക്കും വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായ നിലയിൽ വിശ്വസ്തതയോടും, കർത്തവ്യബോധത്തോടും, ത്യാഗബുദ്ധിയോടും, സന്തോഷത്തോടും ഞങ്ങളുടെ ചുമതലകളെ നിർവഹിക്കുവാൻ ശക്തിയും, കൃപാവരങ്ങളും ധാരാളമായി നല്കണമേ. ജീവിതത്തിന്റെ എല്ലാ തുറകളിലും പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ കൃപാവരങ്ങൾ ധാരാളമായി പ്രദാനം ചെയ്യണമെ! സഭയിലും ഇടവകകളിലും ഭവനങ്ങളിലും വ്യക്തികൾ തമ്മിൽ തമ്മിലും, ഞങ്ങളുടെ രാഷ്ട്രത്തിലും ലോകം മുഴുവനിലും നിന്റെ സമാധാനവും, ശാന്തിയും, സ്നേഹവും ഐക്യവും കളിയാടാൻ ഇടവരുത്തണമെ! ദാരിദ്ര്യം, അടിമത്വം അസമത്വം ആദിയായ സാമൂഹ്യ വൈരുദ്ധ്യങ്ങൾ നീങ്ങിപ്പോകുവാനും, പരസ്പര ബഹുമാനവും സഹകരണവും വളരന്നുവരുവാനും സംഗതിയാക്കണമെ. പലവിധ രോഗങ്ങളിലും ശാരീരിക ബലഹീനതകളിലും കഴിയുന്നവർക്കു സ്വാസ്ഥ്യതയും, സൗഖ്യവും, ആരോഗ്യവും ലഭിക്കുവാൻ സംഗതിയാക്കണമെ.

ഞങ്ങളുടെ കാത്തിരിപ്പിന്റെ നാളുകളെ ഫലപ്രദമാക്കിത്തീർക്കേണമെ. ഏലിയാവിന്റെ ആത്മാവിന്റെ ഇരട്ടി ശക്തി ഏലീശായ്ക്കു ലഭിച്ചതുപോലെ പരിശുദ്ധാത്മാവേ! ഇരട്ടി ശക്തിയോടെ ഞങ്ങളിൽ വർത്തിക്കണമെ. പരിശുദ്ധാ

ത്മാവേ! നിന്നെ ഞങ്ങൾ ദുഃഖിപ്പിക്കുന്നവരായിത്തീരരുതേ. ഞാൻ ഭൂമിയിൽ അഗ്നി ഇടുവാൻ വന്നിരിക്കുന്നു എന്ന് ഞങ്ങളുടെ കർത്താവ് അരുളിച്ചെയ്യുകയും തന്റെ പരിശുദ്ധാത്മാവാകുന്ന അഗ്നിയെ തന്റെ സഭയിലും ലോകത്തിലും ചൊരിയുകയും ചെയ്തുവല്ലോ. അങ്ങനെ ഞങ്ങളിൽ മാമ്മോദീസായും, മൂറോനഭിഷേകവും വഴിയായി പകർന്നിരിക്കുന്നതായ പരിശുദ്ധാത്മാവേ! ഞങ്ങളിൽ കത്തിജ്വലിച്ച്, ഞങ്ങളിലുള്ള മാലിന്യങ്ങളേയും, കറകളേയും നശിപ്പിക്കുകയും ഞങ്ങളുടെ ആത്മീയമായ ഉദാസീനതയേയും, മന്ദതയേയും, മരവിപ്പിനേയും നീക്കിക്കളയുകയും വി. ശ്ലീഹന്മാരുടെ നാളുകളിൽ എന്നപോലെ ഈ നാളുകളിലുമുള്ള ഞങ്ങളുടെ കാത്തിരിപ്പിനേയും, പ്രാർത്ഥനയേയും, ധ്യാനത്തെയും കൈക്കൊണ്ട് ഞങ്ങളിൽ ഇരട്ടി ശക്തിയോടെ പ്രവർത്തിക്കണമെ. ഞങ്ങൾ നിനക്കും നീ ആരിൽ നിന്നു പുറപ്പെടുന്നുവോ ആ പിതാവിനും, നീ ആരിൽ നിന്നു എടുക്കുന്നുവോ ആ പുത്രനും ഇപ്പോഴും, എപ്പോഴും, എന്നേക്കും സ്തുതിയും സ്തോത്രവും അർപ്പിക്കുകയും ചെയ്യുമാറാകണമെ!

ഹോലോ:......

## കോലോ

നിറം—7 (പ്ത്തഹ്ലീതറ ഏ) (ശ്ലോമെദാബൊ)

ആ—ശ്വാസം നല്കും റൂഹാ—യിപ്പരിപാവനമാം നാളിൽ
തീ—നാമ്പെന്നവിധം വന്നു—പന്തിരുവർക്കരുളപ്പെട്ടു
മാനസധൈര്യമവർക്കേകി—
പോയ് ജനകാത്മജ റൂഹായാം
ത്രി—ത്വത്തിൻ മർമ്മം—സൃഷ്ടികളോടുദ്ഘോഷിച്ചോർ

ബാറെക്മോർ ശുബഹോ—മെനഓലം

പാ—റക്ലീത്തായാം റൂഹാ—നിർമ്മല ശിഷ്യസമൂഹത്തിൽ
വ—ന്നുൽകൃഷ്ട രഹസ്യത്തെ—ഭൂതല ഭാഷകളിൽ ചൊന്നു
ജനകസുതാത്മാവിൻ പേരിൽ—
പാപം പോക്കാനും രോഗം
മാ—യിപ്പാനുമവ—ർക്കധികാരം ദാനം ചെയ്തു

മെറിയോറാഹം.........



## എത്രോ

തന്റെ വി. റൂഹാ മൂലം ഞങ്ങളെ ആശ്വസിപ്പിച്ച കാരുണ്യവാനും സകല ആശ്വാസങ്ങളും നല്കുന്നവനുമായ കർത്താവേ! നിന്റെ വി. ശ്ലീഹന്മാരുടെ മേൽ തീ നാവുകൾ പോലെ നിന്റെ വി. റൂഹാ ആവസിച്ചതിനെ ഓർത്ത് നിന്റെ മുമ്പാകെ നിന്ന് പ്രാർത്ഥിപ്പാൻ ഞങ്ങളെ നീ യോഗ്യരാക്കണമെ. മനുഷ്യ സ്നേഹമുള്ളവനായ കർത്താവെ! വി. റൂഹായുടെ കൃപ ഞങ്ങളിൽ വർഷിപ്പിക്കണമെ. അതിനാൽ ശരീരത്തിന്റെയും ആത്മാവിന്റെയും എല്ലാ മാലിന്യങ്ങളിൽ നിന്നും ഞങ്ങളെ ശുദ്ധീകരിക്കണമെ. ആത്മീയമായി നടക്കുകയും, ജഡമോഹങ്ങളെ ഉപേക്ഷിച്ചു കൊണ്ട് ആത്മീയമായ നടപടികളിൽ ഞങ്ങളെ സുസ്ഥിരമാക്കുകയും ചെയ്യണമെ. ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം വിശുദ്ധിയോടുകൂടി നിന്നെ ശുശ്രൂഷിപ്പാൻ ഞങ്ങളെ യോഗ്യരാക്കേണമെ. പിതാവും പുത്രനും പ: റൂഹായുമേ! നിനക്കു സ്തുതിയും, സ്തോത്രവും, ആരാധനയും യോഗ്യമാകുന്നു. ആമ്മീൻ.

## വേദവായനകൾ

### ഒന്നാം ദിവസം

| | | |
|---|---|---|
| ഉല്പത്തിപുസ്തകം | — | 1:1–8, 2:4–7 |
| അപ്പോ. പ്രവൃത്തികൾ | — | 1:12–14, 2:1–21 |
| റോമർ | — | 8:1–11 |
| വി. മത്തായി | — | 3:1–17 |

### രണ്ടാം ദിവസം

| | | |
|---|---|---|
| പുറപ്പാട് പുസ്തകം | — | 31:1–11 |
| ന്യായാധിപന്മാരുടെ പുസ്തകം | — | 14:5–6, 15:14–16 |
| അപ്പോ. പ്രവൃ. | — | 2:22–42 |
| റോമർ | — | 8:12–17 |
| വി. ലൂക്കോസ് | — | 4:1–16 |

## മൂന്നാം ദിവസം

സംഖ്യാപുസ്തകം — 11:23–29, 23:1–12
അപ്പോ. പ്രവൃ. — 4:23–31
റോമർ — 8:18–27
വി. ലൂക്കോസ് — 10:17–24

## നാലാം ദിവസം

1 ശമുവേൽ — 10:1–13
അപ്പോ. പ്രവൃ. — 6:1–8
1 കൊരിന്ത്യർ — 3:16–18
2 കൊരിന്ത്യർ — 3:17–18
വി. യോഹന്നാൻ — 7:37–44

## അഞ്ചാം ദിവസം

യെശയ്യാവ് — 11:1–4
അപ്പോ. പ്രവ. — 8:14–24
1 കൊരിന്ത്യർ — 12:2–11
വി. യോഹന്നാൻ — 14:12–17

## ആറാം ദിവസം

യെശയ്യാവ് — 42:1–7, 61:1–3
അപ്പോ. പ്രവൃ. — 10:44–48
1 കൊരിന്ത്യർ — 12:12–31
വി. യോഹന്നാൻ — 14:24–28

## ഏഴാം ദിവസം

യെഹസ്ക്കേൽ — 36:25–27
അപ്പോ. പ്രവൃ. — 13:1–5, 16:6–10
1 കൊരിന്ത്യർ — 14:1–19
വി. യോഹന്നാൻ — 15:24–27



## എട്ടാം ദിവസം

യെഹസ്ക്കേൽ — 37:1–14
അപ്പോ. പ്രവൃ. — 15:22–29
ഗലാത്യർ — 5:16–26
വി. യോഹന്നാൻ — 16:7–15

## ഒൻപതാം ദിവസം

യെഹസ്ക്കേൽ — 47:1–12
അപ്പോ. പ്രവൃ. — 19:1–7
എഫേസ്യർ — 5:15–21
വി. ലൂക്കോസ് — 24:44–49

## പത്താം ദിവസം

യോവേൽ — 2:25–32
അപ്പോ. പ്രവൃ. — 20:22–25, 21:10–14
1 കോരിന്ത്യർ — 13:1–10, 1:6–8
വി. മർക്കോസ് — 16:14–18

## പ്രസംഗം

ആത്മാവിന്റെ ഫലത്തെക്കുറിച്ച് 9 പ്രസംഗങ്ങളും നടത്തണം. പത്താം ദിവസം പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങളെകുറിച്ചു പ്രസംഗിക്കണം.

## (മാർ അപ്രേം)

1. കർത്താവേ എൻ പ്രാർത്ഥനയാൽ
   സുസ്ഥിരവും ശുദ്ധിയുമുള്ള
   നിന്നാത്മാവിനെ എന്നുള്ളിൽ
   നന്നായൊന്നു പുതുക്കേണമെ.
2. ആ വിമലാത്മാവെന്നുള്ളിൽ
   ദിവസംപ്രതി പാർത്തീടണമെ
   മൗനം ദീക്ഷിക്കാതെയവൻ
   ശാന്തതയിൽ വാണീടണമെ.

3. കൃപയുള്ളോനാം റൂഹായെ
വീണ്ടും പുതുതാക്കണമെന്നിൽ
നിൻഹിതമവനെന്നെക്കാണി
ച്ചമല മനസ്സിൽ പാർക്കണമെ.

## ലുത്തിനിയാ

(ഓരോ പ്രാർത്ഥനയുടെ അവസാനത്തിലും, ഞങ്ങളിൽ 'ജ്വലിക്കണമേ' എന്ന് പ്രതിവാക്യം ചൊല്ലണം)

നായകൻ:— പിതാവിൽ നിന്നും പുറപ്പെടുകയും പുത്രനിൽ നിന്നെടുക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ!

ജനങ്ങൾ :—ഞങ്ങളിൽ ജ്വലിക്കണമേ;

കന്യകമറിയാമിൽഇറങ്ങിവന്ന പരിശുദ്ധാത്മാവേ

ഞങ്ങളിൽ................

കർത്താവിന്റെ മാമോദീസായിൽ ഇറങ്ങിവരികയും തന്നെ വനത്തിലേക്ക് വഴിനടത്തുകയുംചെയ്ത പരിശുദ്ധാത്മാവേ

ഞങ്ങളിൽ.......................

കർത്താവിന്റെ പരസ്യ ശുശ്രൂഷയിലും തിരുബലിയിലും സഹായിച്ച പരിശുദ്ധാത്മാവേ!—

ഞങ്ങളിൽ.......................

പ്രവാചകന്മാരിൽ കൂടി സംസാരിച്ച പരിശുദ്ധാത്മാവേ—

ഞങ്ങളിൽ.....................

വിദ്യാഹീനരായ ശിഷ്യന്മാരെ ജ്ഞാനികളാക്കിയ പരിശുദ്ധാത്മാവേ—

ഞങ്ങളിൽ................

ശ്ലീഹന്മാരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ—

ഞങ്ങളിൽ........

സഹദേന്മാർക്ക് സഹിഷ്ണുത നൽകിയ പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............



പാഷണ്ഡതകൾക്കെതിരായി പിതാക്കന്മാരെ ജ്ഞാനികളാക്കിയ പരിശുദ്ധാത്മാവേ—

ഞങ്ങളിൽ................

പരിശുദ്ധന്മാരിൽ ആവസിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...........

പാപികളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............

ദേവാലയങ്ങളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............

വി. സഭയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............

വി. കൂദാശകളെ പൂർത്തിയാക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ................

വി. മൂറോനഭിഷേകത്താൽ ഞങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ—

മനുഷ്യഹൃദയങ്ങളെ സ്നേഹം കൊണ്ട് നിറയ്ക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ................

മനുഷ്യമക്കളെ കർത്താവിന്റെ അതേ പ്രതിഛായയായി രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ................

ദയറാക്കാരെ നിർമ്മലീകരിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...........

കുടുംബജീവിതം നയിക്കുന്നവരെ ഐക്യമത്യപ്പെടുത്തുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...........

നായകൻ: നമുക്ക് എല്ലാവർക്കും നിലത്ത് മുട്ടുകുത്തി കർത്താവിനോട് പ്രാർത്ഥിക്കാം.

(എല്ലാവരും മുട്ടുകുത്തുന്നു)

3. കൃപയുള്ളോനാം റൂഹായെ
വീണ്ടും പുതുതാക്കണമെന്നിൽ
നിൻഹിതമവനെന്നെക്കാണി
ച്ചമല മനസ്സിൽ പാർക്കണമെ.

## ലുത്തിനിയാ

(ഓരോ പ്രാർത്ഥനയുടെ അവസാനത്തിലും, ഞങ്ങളിൽ 'ജ്വലിക്കണമേ' എന്ന് പ്രതിവാക്യം ചൊല്ലണം)

നായകൻ:— പിതാവിൽ നിന്നും പുറപ്പെടുകയും പുത്രനിൽ നിന്നെടുക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ!

ജനങ്ങൾ :—ഞങ്ങളിൽ ജ്വലിക്കണമേ;

കന്യകമറിയാമിൽഇറങ്ങിവന്ന പരിശുദ്ധാത്മാവേ

ഞങ്ങളിൽ...............

കർത്താവിന്റെ മാമോദീസായിൽ ഇറങ്ങിവരികയും തന്നെ വനത്തിലേക്ക് വഴിനടത്തുകയുംചെയ്ത പരിശുദ്ധാത്മാവേ

ഞങ്ങളിൽ......................

കർത്താവിന്റെ പരസ്യ ശുശ്രൂഷയിലും തിരുബലിയിലും സഹായിച്ച പരിശുദ്ധാത്മാവേ!—

ഞങ്ങളിൽ.......................

പ്രവാചകന്മാരിൽ കൂടി സംസാരിച്ച പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...................

വിദ്യാഹീനരായ ശിഷ്യന്മാരെ ജ്ഞാനികളാക്കിയ പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............

ശ്ലീഹന്മാരെ ശക്തിപ്പെടുത്തിയ പരിശുദ്ധാത്മാവേ—

ഞങ്ങളിൽ........

സഹദേന്മാർക്ക് സഹിഷ്ണുത നൽകിയ പരിശുദ്ധാത്മാവേ—

ഞങ്ങളിൽ..............



പാഷണ്ഡതകൾക്കെതിരായി പിതാക്കന്മാരെ ജ്ഞാനികളാക്കിയ പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............

പരിശുദ്ധന്മാരിൽ ആവസിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...........

പാപികളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ..............

ദേവാലയങ്ങളെ ശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............

വി. സഭയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............

വി. കൂദാശകളെ പൂർത്തിയാക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............

വി. മൂറോനഭിഷേകത്താൽ ഞങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ—

മനുഷ്യഹൃദയങ്ങളെ സ്നേഹം കൊണ്ട് നിറയ്ക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............

മനുഷ്യമക്കളെ കർത്താവിന്റെ അതേ പ്രതിഛായയായി രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...............

ദയറാക്കാരെ നിർമ്മലീകരിക്കുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...........

കുടുംബജീവിതം നയിക്കുന്നവരെ ഐക്യമത്യപ്പെടുത്തുന്ന പരിശുദ്ധാത്മാവേ—

ഞങ്ങളിൽ...........

നായകൻ: നമുക്ക് എല്ലാവർക്കും നിലത്ത് മുട്ടുകുത്തി കർത്താവിനോട് പ്രാർത്ഥിക്കാം.

(എല്ലാവരും മുട്ടുകുത്തുന്നു)

## പ്രാർത്ഥന

വി. മാമോദീസായിൽ ഞങ്ങളെ വീണ്ടും ജനിപ്പിച്ച പരിശുദ്ധാത്മാവേ, വീണ്ടും ജനനത്തിന്റെ അനുഭവത്തെ ഞങ്ങൾക്ക് തന്ന് ഞങ്ങളെ പുതിയ സൃഷ്ടികളാക്കണമേ. ദൈവസ്നേഹം കൊണ്ടും മനുഷ്യസ്നേഹം കൊണ്ടും ഞങ്ങളെ നിറയ്ക്കണമേ, നിശ്ശബ്ദമായി ഹൃദയസ്പർശകമാംവിധം പക്ഷവാദം ചെയ്യുന്ന പരിശുദ്ധാത്മാവേ, അടങ്ങാത്ത പശ്ചാത്താപംകൊണ്ട് ഞങ്ങളെ നിറയ്ക്കണമേ. സ്വജാതികളുടെയും, പുറജാതികളുടെയും ഇടയിൽ സുവിശേഷം ഘോഷിപ്പാൻ ഞങ്ങളെശക്തീകരിക്കണമെ. ഞങ്ങളുടെ പള്ളികളേയും, ഭവനങ്ങളേയും രാഷ്ട്രങ്ങളേയും സ്നേഹത്തിലും, ഐക്യത്തിലും ഒന്നിപ്പിക്കണമേ.ഞങ്ങളും ഞങ്ങളുടെ ചുററുമുള്ളവരും ആത്മാവിന്റെ ഫലം സമൃദ്ധിയായി കായ്ക്കുമാറാകണമേ. ഞങ്ങനെ ഞങ്ങൾ നിന്നെയും നീ ആരിൽ നിന്ന് പുറപ്പെടുന്നുവോ ആ പിതാവിനെയും നീ ആരിൽ നിന്നെടുക്കുന്നുവോ ആ പുത്രനെയും എന്നാളും മഹത്വപ്പെടുത്തുമാറാകണമേ, ആമ്മീൻ.

നായകൻ: നാഥാ കൃപ ചെയ്തീടണമേ (3 പ്രാവശ്യം)

ജനങ്ങൾ: നാഥാ കൃപ ചെയ്തീടണമേ ,,

നായകൻ: നാഥാ കനിവാൽ കൃപ ചെയ്ക ,,

ജനങ്ങൾ: നാഥാ കനിവാൽ കൃപ ചെയ്ക ,,

നായകൻ: നാഥാ ഉത്തരമരുളണമേ ,,

ജനങ്ങൾ: നാഥാ ഉത്തരമരുളണമേ ,,

എല്ലാവരും:— ദൈവമേ വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ— സ്ഥിരതയുള്ള നിന്റെ ആത്മാവിനെ— എന്റെ ഉള്ളിൽ പുതുതാക്കണമേ— നിന്റെ മുമ്പിൽനിന്ന്— എന്നെ തള്ളിക്കളയരുതേ— നിന്റെ വിശുദ്ധാത്മാവിനെ— എന്നിൽ നിന്നും എടുക്കയുമരുതേ,

നായകൻ:— ദൈവത്തിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേല്കുവിൻ.



## കോലൊ

പാറക്കലീത്താ റൂഹാ വന്നെത്തി
പുതുതാക്കീടണമടിയാരെല്ലാവരെയും
ആത്മശരീരക്കറകളെയെല്ലാം നീക്കി
കാക്കുക പുതുശക്തിയതാൽ ഞങ്ങളെയെല്ലാം
പാറക്ലീത്താ റൂഹാ വന്നെത്തി
രക്ഷകനാം കർത്താവിൻ വാഗ്ദത്തം പോ—
ലോരോരുത്തരിലും വാണരുളീടട്ടേ.

(3 പ്രാവശ്യം)

## ഹൂത്തോമ്മൊ

പാറക്കലീത്ത റൂഹായാകുന്ന ദൈവമേ! ഞങ്ങൾക്കു പാപമോചനവും വെടിപ്പും നല്കണമേ. നിന്റെ ദൈവിക നൽവരങ്ങൾ ഞങ്ങളിൽ സംരക്ഷിക്കുവാനും, ഞങ്ങളുടെ ആയുഷ്കാലം മുഴുവനും നിർമ്മലമായ ആരാധനകൾ നിനക്ക് സമർപ്പിക്കുവാനും നിന്റെ മഹിമയ്ക്ക് അനുയോജ്യമായ ആലയങ്ങളായി തീരുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഹോശൊ...............

## വിശ്വാസ പ്രമാണം

(എല്ലാവരുംകൂടെ ചൊല്ലണം)

സർവ്വശക്തിയുള്ള പിതാവായി...............................

പട്ടക്കാരുണ്ടെങ്കിൽ കുക്കിലിയോനുകൾ ചൊല്ലിയശേഷം ജനങ്ങളെ കൈമുത്തിക്കുന്നു.

## പ്രാർത്ഥന

വി. മാമോദീസായിൽ ഞങ്ങളെ വീണ്ടും ജനിപ്പിച്ച പരിശുദ്ധാത്മാവേ, വീണ്ടും ജനനത്തിന്റെ അനുഭവത്തെ ഞങ്ങൾക്ക് തന്ന് ഞങ്ങളെ പുതിയ സൃഷ്ടികളാക്കണമേ. ദൈവസ്നേഹം കൊണ്ടും മനുഷ്യസ്നേഹം കൊണ്ടും ഞങ്ങളെ നിറയ്ക്കണമേ, നിശ്ശബ്ദമായി ഹൃദയസ്പർശകമാംവിധം പക്ഷവാദം ചെയ്യുന്ന പരിശുദ്ധാത്മാവേ, അടങ്ങാത്ത പശ്ചാത്താപംകൊണ്ട് ഞങ്ങളെ നിറയ്ക്കണമേ. സ്വജാതികളുടെയും, പുറജാതികളുടെയും ഇടയിൽ സുവിശേഷം ഘോഷിപ്പാൻ ഞങ്ങളെശക്തീകരിക്കണമെ. ഞങ്ങളുടെ പള്ളികളേയും, ഭവനങ്ങളേയും രാഷ്ട്രങ്ങളേയും സ്നേഹത്തിലും, ഐക്യത്തിലും ഒന്നിപ്പിക്കണമേ.ഞങ്ങളും ഞങ്ങളുടെ ചുററുമുള്ളവരും ആത്മാവിന്റെ ഫലം സമൃദ്ധിയായി കായ്ക്കുമാറാകണമേ. അങ്ങനെ ഞങ്ങൾ നിന്നെയും നീ ആരിൽ നിന്ന് പുറപ്പെടുന്നുവോ ആ പിതാവിനെയും നീ ആരിൽ നിന്നെടുക്കുന്നുവോ ആ പുത്രനെയും എന്നാളും മഹത്വപ്പെടുത്തുമാറാകണമേ, ആമ്മീൻ.

| | | |
|---|---|---|
| നായകൻ: | നാഥാ കൃപ ചെയ്തീടണമേ | (3 പ്രാവശ്യം) |
| ജനങ്ങൾ: | നാഥാ കൃപ ചെയ്തീടണമേ | ,, |
| നായകൻ: | നാഥാ കനിവാൽ കൃപ ചെയ്ക | ,, |
| ജനങ്ങൾ: | നാഥാ കനിവാൽ കൃപ ചെയ്ക | ,, |
| നായകൻ: | നാഥാ ഉത്തരമരുളണമേ | ,, |
| ജനങ്ങൾ: | നാഥാ ഉത്തരമരുളണമേ | ,, |

എല്ലാവരും:— ദൈവമേ വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ— സ്ഥിരതയുള്ള നിന്റെ ആത്മാവിനെ— എന്റെ ഉള്ളിൽ പുതുതാക്കണമേ— നിന്റെ മുമ്പിൽനിന്ന്— എന്നെ തള്ളിക്കളയരുതേ— നിന്റെ വിശുദ്ധാത്മാവിനെ— എന്നിൽ നിന്നും എടുക്കയുമരുതേ,

നായകൻ:— ദൈവത്തിന്റെ ശക്തിയാൽ നിങ്ങൾ എഴുന്നേല്കുവിൻ.



## കോലൊ

പാറക്കലീത്താ റൂഹാ വന്നെത്തി
പുതുതാക്കീടണമടിയാരെല്ലാവരെയും
ആത്മശരീരക്കറകളെയെല്ലാം നീക്കി
കാക്കുക പുതുശക്തിയതാൽ ഞങ്ങളെയെല്ലാം
പാറക്ലീത്താ റൂഹാ വന്നെത്തി
രക്ഷകനാം കർത്താവിൻ വാഗ്ദത്തം പോ—
ലോരോരുത്തരിലും വാണരുളീടട്ടേ.

(3 പ്രാവശ്യം)

## ഹൂത്തോമ്മൊ

പാറക്കലീത്ത റൂഹായാകുന്ന ദൈവമേ! ഞങ്ങൾക്കു പാപമോചനവും വെടിപ്പും നല്കണമേ. നിന്റെ ദൈവിക നൽവരങ്ങൾ ഞങ്ങളിൽ സംരക്ഷിക്കുവാനും, ഞങ്ങളുടെ ആയുഷ്കാലം മുഴുവനും നിർമ്മലമായ ആരാധനകൾ നിനക്ക് സമർപ്പിക്കുവാനും നിന്റെ മഹിമയ്ക്ക് അനുയോജ്യമായ ആലയങ്ങളായി തീരുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഹോശൊ...............

## വിശ്വാസ പ്രമാണം

(എല്ലാവരുംകൂടെ ചൊല്ലണം)

സർവ്വശക്തിയുള്ള പിതാവായി..................................

പട്ടക്കാരുണ്ടെങ്കിൽ കുക്കിലിയോനുകൾ ചൊല്ലിയശേഷം ജനങ്ങളെ കൈമുത്തിക്കുന്നു.